**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 722** **08-10-2024 - ൽ മറുപടിയ്ക്ക്**

**മണിയൂർ സബ്സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | വടകര മുനിസിപ്പാലിറ്റിയിൽ നിന്നും ലീസിൽ മണിയൂർ സബ്സ്റ്റേഷൻ നിർമ്മാണ പ്രവൃത്തിക്കായി സ്ഥലം ലഭ്യമായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വലിയ ഭാരമുള്ള വാഹനങ്ങൾക്ക് ഈ സ്ഥലത്തേക്ക് പ്രവേശിക്കാൻ ഉതകുന്ന രീതിയിൽ റോഡ് നിർമ്മിക്കാൻ സാധിക്കുമോ; ഈ സ്ഥലത്തേക്ക് എത്തിച്ചേരുന്നതിന് റോഡ് നിർമ്മിക്കുന്നതിന് എത്ര തുക ആവശ്യമുണ്ടെന്ന് അറിയുമോ; | (എ) | കുറ്റിയാടി മണ്ഡലത്തിൽ മണിയൂർ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി വടകര മുൻസിപ്പാലിറ്റിയിൽ നിന്നും സ്ഥലം ഇതുവരെ കെ.എസ്.ഇ.ബി.എൽ-ന് ലഭ്യമാക്കിയിട്ടില്ല. എന്നാൽ മുനിസിപ്പാലിറ്റി കൈമാറാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ ലീസ് തുക കണക്കാക്കുന്നതിനായി ബന്ധപ്പെട്ട തഹസിൽദാർക്ക് കത്ത് നല്കാൻ കൗൺസിൽ യോഗം തീരുമാനിച്ചതായി അറിയിച്ചുകൊണ്ട് 18.07.2024-ന മുൻസിപ്പാലിറ്റി കെ.എസ്.ഇ.ബി.എൽ.-ന് കത്ത് നൽകിയിട്ടുണ്ട്.<br><br>മുൻസിപ്പാലിറ്റി സൂചിപ്പിച്ച സ്ഥലത്ത് നിലവിൽ റോഡ് സൗകര്യം ഇല്ലാത്തതും, ചെങ്കുത്തായ കയറ്റവും ഉള്ളതിനാൽ സബ്സ്റ്റേഷനാവശ്യമായ പവർ ട്രാൻസ്ഫോമർ ഉൾപ്പെടെയുള്ള വലിയ ഉപകരണങ്ങൾ കൊണ്ടുപോകുന്ന ട്രെയിലർ വാഹനങ്ങൾ സുരക്ഷിതമായി കൊണ്ടുപോകാൻ സാധിക്കുകയില്ല. മാത്രവുമല്ല റോഡ് വികസിപ്പിക്കുന്നതിനാവശ്യമായ സ്ഥലം സമീപമുള്ള സ്വകാര്യ വ്യക്തികളിൽ നിന്നും പണം നൽകി ഏറ്റെടുക്കേണ്ടി വരുകയും, പ്രസ്തുത സ്ഥലത്തേയ്ക്ക് വലിയ വാഹനങ്ങൾ പ്രവേശിക്കുന്ന രീതിയിൽ റോഡും അതിനോടനുബന്ധിച്ച ഡ്രെയിനേജും നിർമ്മിക്കേണ്ടതായും വരും. ഇതിനു ഏകദേശം 4 കോടി രൂപയുടെ ചെലവ് കണക്കാക്കുന്നു. മാത്രവുമല്ല, പ്രസ്തുത സ്ഥലത്തെ ഭൂമിയുടെ എർത്ത് റെസിസ്റ്റൻസ് വളരെ കൂടുതലുമാണ്. ഇക്കാരണങ്ങളാൽ ഈ സ്ഥലം സബ്സ്റ്റേഷൻ നിർമ്മാണത്തിന് അനുയോജ്യമല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ ഒരു സ്ഥലം നിലനിൽക്കെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളിലൂടെ വേറൊരു സ്ഥലം കണ്ടെത്തി സബ്സ്റ്റേഷൻ നിർമ്മാണം ആരംഭിക്കുന്നത് പരിഗണനയിൽ ഉണ്ടോ; വടകര | (ബി) | വടകര മുൻസിപ്പാലിറ്റിയുടെ കൈവശമുള്ള സ്ഥലം സബ്സ്റ്റേഷൻ നിർമ്മാണത്തിന് അനുയോജ്യമല്ലെന്ന് കണ്ടെത്തിയതിനെത്തുടർന്ന്, മണിയൂർ വില്ലേജിന്റെ കീഴിൽ വരുന്ന നാലു സ്വകാര്യ വ്യക്തികളുടെ |

| | | | |
|---|---|---|---|
| | മുനിസിപ്പാലിറ്റി അനുവദിച്ച സ്ഥല വിസ്തൃതിയും നിലവിൽ കണ്ടെത്തിയിട്ടുള്ള സ്ഥലവിസ്തൃതിയും എത്രയെന്ന് അറിയിക്കാമോ ; വടകര മുനിസിപ്പാലിറ്റിയിൽ നിന്നും അനുമതി ലഭിച്ച സ്ഥലത്ത് സബ്സ്റ്റേഷൻ നിർമ്മിക്കുമ്പോൾ സമയലാഭം ഉണ്ടാകുമോ; കൂടാതെ ഇത്തരത്തിൽ പദ്ധതി ചെലവ് കുറയ്ക്കാൻ സാധിക്കുമോ ;വിശദമാക്കാമോ; | | കൈവശമുള്ള സ്ഥലം (0.3168 Ha) അനുയോജ്യമാണെന്ന് കണ്ടെത്തുകയും, ഈ സ്ഥലം LARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതിന് ഉള്ള തുടർ നടപടികൾ സർക്കാരിൽ (റവന്യൂ വകുപ്പ്) നടന്നു വരികയാണ്. പ്രസ്തുത അനുമതി നൽകുന്ന മുറയ്ക്ക് സ്ഥലം ഏറ്റെടുത്ത് സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട തുടർ നടപടികൾ കെ.എസ്.ഇ.ബി.എൽ സ്വീകരിക്കുന്നതാണ്.<br><br>പുതുതായി കണ്ടെത്തിയിട്ടുള്ള സ്ഥലം നിരപ്പായ പ്രദേശവും, ഇരുവശവും റോഡ് സൗകര്യവും ഉള്ളതുമാണ്. മാത്രവുമല്ല, 110 കെ.വി. ലൈൻ ഈ സ്ഥലത്തുകൂടെ കടന്നു പോകുന്നുമുണ്ട്. 0.3168 ഹെക്ടർ വിസ്തീർണമുള്ള ഈ സ്ഥലത്ത് സബ്സ്റ്റേഷൻ ലേ ഔട്ട് പ്രകാരം രണ്ട് 110/11 കെ വി ട്രാൻസ്ഫോർമറുകളും ഒരു 110/33 കെ.വി. ട്രാൻസ്ഫോർമറും എല്ലാ സുരക്ഷാ അകലങ്ങളും പാലിച്ച് കൊണ്ട് നിർമ്മിക്കാൻ പര്യാപ്തമാണ് .<br><br>മുൻസിപ്പാലിറ്റിയുടെ സ്ഥലം ലീസ് എഗ്രിമെന്റ് പ്രകാരവും, നിലവിൽ കെ.എസ്.ഇ.ബി. അനുമതി കിട്ടിയ സ്ഥലം **LARR act 2013** നിയമപ്രകാരവും ആണ് ഏറ്റെടുക്കേണ്ടത്. ഈ രണ്ടു രീതികൾക്കും നിയമപ്രകാരമുള്ള സമയം ആവശ്യമായി വരും. ഇതുകൂടാതെ മുൻസിപ്പാലിറ്റിയുടെ സ്ഥലത്ത് സബ്സ്റ്റേഷൻ നിർമ്മിക്കാൻ നിലവിലുള്ള റോഡ് സമീപമുള്ള സ്വകാര്യ വ്യക്തികളിൽ നിന്ന് വില കൊടുത്ത് വാങ്ങി വികസിപ്പിക്കുന്നതിന് വേണ്ട ചെലവിനു പുറമെ റോഡ് നിർമ്മാണത്തിന് ഏകദേശം **4** കോടി രൂപ ആവശ്യമായി വരും. എന്നാൽ ബോർഡ് അനുമതി ലഭിച്ച സ്ഥലത്ത് സ്ഥലം കൈമാറി കിട്ടിയ ഉടൻ സബ്സ്റ്റേഷൻ നിർമ്മാണം തുടങ്ങാവുന്നതാണ്. ആയതിനാൽ മുൻസിപ്പാലിറ്റിയുടെ സ്ഥലത്ത് സബ്സ്റ്റേഷൻ നിർമ്മിക്കാൻ കൂടുതൽ സമയവും ചെലവും ആവശ്യമായി വരും. |
| (സി) | ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി വരുന്ന തുകയേക്കാൾ കുറഞ്ഞ തുകയ്ക്ക് റോഡ് നിർമ്മിക്കാൻ സാധിക്കും എന്നിരിക്കെ വടകര മുനിസിപ്പാലിറ്റിയിൽ നിന്നും അനുമതി ലഭിച്ച സ്ഥലത്ത് സബ്സ്റ്റേഷൻ നിർമ്മാണം പരിഗണിക്കുമോ; വ്യക്തമാക്കാമോ? | (സി) | മേൽ ഉത്തരം (എ), (ബി) -യിൽ പ്രതിപാദിച്ചിരിക്കുന്ന കാരണങ്ങളാൽ മുൻസിപ്പാലിറ്റിയിൽ നിന്നും നൽകാമെന്ന് പറഞ്ഞ സ്ഥലം സബ്സ്റ്റേഷൻ നിർമ്മാണത്തിന് അനുയോജ്യമല്ലെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് മറ്റ് സ്ഥലങ്ങൾ കണ്ടെത്താൻ കെ.എസ്.ഇ.ബി.എൽ. നിർബന്ധിതമായത്. |

സെക്ഷൻ ഓഫീസർ